(ബി) ഇതിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുതയൂണിറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രോത്സാഹനങ്ങൾ നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) ഉണ്ട്. വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സൗരോർജ്ജ സംവിധാനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരുയൂണിറ്റ് സൗരോർജ്ജ വൈദ്യുതിക്ക് ഒരുരൂപവീതം ഇൻസെന്റീവായി നൽകുന്നകാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. ഇതിനായി ഒരു ഡിസ്ക്കഷൻ പേപ്പർ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഇതിനെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. 13-7-2014-നുമുമ്പ് അഭിപ്രായങ്ങൾ കമ്മീഷനെ അറിയിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പൊതുജനങ്ങളുടെ അഭിപ്രായംകൂടി പരിശോധിച്ചശേഷം കമ്മീഷൻ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 സൗരഗൃഹ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് സബ്സിഡി നിരക്കിൽ 10000 റൂഫ്ടോപ്പ് പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് നടപടികൾ ആയിട്ടില്ല.

സർക്കാർ പണമിടപാടുകൾക്ക് ആധുനിക സംവിധാനങ്ങൾ

20 (*620) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ തമ്മിലും, പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ധനപരമായ ഇടപാടുകൾ ഇപ്പോഴും, ക്യാഷ്,ഡി.ഡി. സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പ്യൂട്ടർവത്ക്കരണം സമ്പൂർണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പണമിടപാടുകൾക്ക് മെയിൽ ട്രാൻസ്ഫർ പോലുള്ള ആധുനിക രീതികൾ ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, എക്സൈസ് വകുപ്പ്, രോട്ടറി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ ഇ-പെമിറ്റൻസ്വഴി സർക്കാരിലേയ്ക്കുള്ള പണം ഓൺലൈനായി സ്വീകരിക്കുന്ന രീതി നിലവിലുണ്ട്. വെള്ളക്കരം, വൈദ്യുതി ബിൽ എന്നിവയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. വിവിധ വകുപ്പുകളുടെ മരാമത്തുപണികളുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികൾ ഇപ്പോൾ ഇ-ടെണ്ടർവഴി ഓൺലൈനായാണ് നിർവ്വഹിക്കപ്പെടുന്നത്. കൂടാതെ രണ്ട് ലക്ഷംരൂപയിൽ കൂടുതലുള്ള കരാറുകാരുടെ തുക ആർ.ടി.ജി.എസ്. വഴി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും മറ്റ് പല സർക്കാർ വകുപ്പുകളിലും ധനപരമായ ഇടപാടുകളിൽ ഇപ്പോഴും ക്യാഷ്, ഡി.ഡി. സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ബി) നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ മെയിൽ ട്രാൻസ്ഫർ സൗകര്യം ലഭ്യമാണ്. സേവിംഗ്സ് ബാങ്ക് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രഷറികളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിൽനിന്നും ഇടപാട് നടത്തുവാൻ സാധിക്കും. നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചുകൊണ്ട് സംസ്ഥാന ബജനാവിലേക്ക് ലോകത്തെവിടെനിന്നും ഏതുസമയത്തും പണം ഒടുക്കുവാൻ കഴിയുന്ന ഇ-ട്രഷറി പദ്ധതിയും താമസിയാതെ നിലവിൽ വരുന്നതാണ്. എല്ലാ വകുപ്പുകളിലെയും സാമ്പത്തിക ഇടപാടുകൾ സംയോജിപ്പിച്ച് സമ്പൂർണ്ണവും ബഹുമുഖത്തായതുമായ ഏകോപനത്തിലൂടെ എല്ലാ വകുപ്പുകളുടേയും ധനപരമായ ഇടപാടുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ഐടിഎംഎസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഭവനരഹിതർക്കുള്ള "ഗ്രീൻശ്രീ" ഭവന പദ്ധതി

21 (*621) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ്ജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭവനരഹിതരെ സഹായിക്കാൻ കൊണ്ടു വന്ന "ഗ്രീൻശ്രീ" ഭവന പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പുസാമ്പത്തിക വർഷം ഭവന രഹിതരായ എത്ര പേരെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly